
CHRISTIAN MUSICOLOGICAL SOCIETY OF INDIA



# ശ്ലീഹായുടെ ചരമഭൂമി



(മൈലാപ്പൂർ കത്തീഡ്രൽ)


## എ. ഡി. 68—ൽ പെരിമലയിൽ വച്ചാണ്

**ശ്ലീഹായുടെ രക്തസാക്ഷിത്വം നടന്നത്. ഏറെത്താമസിയാതെതന്നെ അവിടം ഭക്തജനങ്ങളുടെ ഒരു തീർത്ഥകേന്ദ്രമായിത്തീരുവാൻ തുടങ്ങി.**

**(റവ. ഫാദർ റ്റി. റ്റി. പാറുവനാനി, എം. ഏ.)**

മദ്രാസ് ഹാർബറിനും താംബരത്തിനുമിടയ്ക്ക് മണിക്കൂറിൽ അഞ്ചും ആറും വീതം ഇലക്ട്രിക് ട്രെയിനുകൾ അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കൊണ്ടിരിക്കുന്നു. ദ്രുതഗാമികളായ ഈ ആലക്തിക വാഹനങ്ങളിൽ അടുത്തടുത്തു യാത്രചെയ്യുന്നവർക്ക് ഇരുപാർശ്വങ്ങളിലും ദൃശ്യമാകുന്ന വസ്തുവിശേഷങ്ങളിൽ സംജാതമാകുന്ന മനോവൃത്തികൾ വ്യത്യസ്തങ്ങളായിരിക്കും. നൂററാണ്ടുകൾക്കപ്പുറം മുതലേ ജനാധിവാസസ്ഥാനങ്ങളെന്നു തോന്നിക്കുന്നവയും ജനാവലി തിങ്ങിപ്പാർക്കുന്നവയുമായ ഇടുങ്ങിയ തെരുവുകളുടേയും പഴകിയ ഭവനങ്ങളുടേയും ബഹളകാര്യവ്യഗ്രമായ അന്തരീക്ഷവും ആധുനിക വ്യവസായസംരംഭങ്ങളുടെ യാന്ത്ര കസന്നാഹങ്ങളും ഇടകലർന്ന് സാക്ഷാൽ ഭൂപ്രകൃതി വിലാസത്തിന്റെ സമ്മോഹനരംഗങ്ങളും ഈ യാത്രക്കാരനെ ആദ്യന്തം അഭിവാദനം ചെയ്തുകൊണ്ടിരിക്കും. എന്നാൽ, ഇതിൽനിന്നെല്ലാം ഭിന്നമായ മറെറാരു മഹാദർശനവും പ്രസ്തുത യാത്രാവേളകളിൽ ഒരുവനു സംസിദ്ധമാകുവാനുണ്ട്. അതാണ് മദ്രാസ് സമുദ്രതീരത്തുനിന്നും സുമാർ ഒൻപതു മൈൽ തെക്കുപടിഞ്ഞാറായി സെയ്ഡാപ്പെട്ട്. മീനംഭാഗം തീവണ്ടിയാപ്പീസുകൾക്കിടയ്ക്ക് പ്രേക്ഷകദൃഷ്ടികൾക്കു ലക്ഷീഭവിക്കുന്ന "സെന്തോമസ് മൗണ്ടും" പരിസരങ്ങളും. ട്രെയിനിലിരുന്നുകൊണ്ട് പടിഞ്ഞാറോട്ടു നോക്കിയാൽ സാന്ദ്രസുന്ദരമായ ആ ഗിരിശൃംഗം നാലഞ്ചുനിമിഷങ്ങൾക്കുള്ളിൽ നിങ്ങളുടെ ദൃഷ്ടിപഥത്തിൽവന്നു വിദൂരതയിലൂടെ മറഞ്ഞുപൊയ്ക്കഴിയും. അടിവാരം മുതൽ അഗ്രകോടിവരെ ഏതാണ്ട് അർദ്ധവൃത്താകാരമായി ചരിഞ്ഞുയർന്നുപോകുന്ന അവരോഹണപഥവും അതിന്റെ ധവളാഭമായ പാർശ്വഭിത്തികളും "മാർത്തോമ്മാഗിരി"യെ ദൂരവീക്ഷണത്തിലേ വിളംബരം ചെയ്യുന്നുണ്ടാവും. അതേ, ഭാരതത്തിന്റെ അപ്പസ്തോലൻ രക്തസാക്ഷിത്വം വരിച്ച പുണ്യഭൂമിയിലേക്കാണ് ഈ കല്പടകളും ഗിരിപഥവും നമ്മെ നയിക്കുക! ശൂലപാതത്താൽ ശ്ലീഹാ വീരമരണം പ്രാപിച്ച സ്ഥാനത്തു ഇപ്പോൾ "മലമേൽ പള്ളി"യുടെ പ്രധാനബലിപീഠം സ്ഥിതിചെയ്യുന്നു. അൾത്താരയുടെ മദ്ധ്യത്തിൽ ഭിത്തിയിലായി പൂർവ്വകാലങ്ങളിൽ രക്തസ്വേദനം ചെയ്തിരുന്ന മാർത്തോമ്മാശ്ലീഹായുടെ അത്ഭുതസ്ലീവായും അതിനു മുൻപിലായി നൂററാണ്ടുകൾക്കപ്പുറം ഭൂഗർഭത്തിൽനിന്നും കണ്ടെടുത്തതും, വി. ലൂക്കാ സുവിശേഷകനാൽ ചിത്രിതമായി വിശുദ്ധ ശ്ലീഹായാൽതന്നെ ഭാരതത്തിലേക്കാനീതമായെന്നു പുരാവൃത്തപ്രസിദ്ധവുമായ "നിത്യസഹായ മാതാവി"ന്റെ അത്ഭുതചിത്രവും സ്ഥാപിതമായിരിക്കുന്നു. സെന്തോമസ് മൗണ്ടിലെ പുണ്യപ്രധാനങ്ങളായ അപൂർവ്വവസ്തുക്കൾ ഇവ രണ്ടുമാണ്; എന്നാൽ ഇവ രണ്ടിനോടൊപ്പം നമുക്കു ഭക്തിപ്രധാനമാണ്, നമ്മുടെ പിതാവിന്റെ ചരമസ്ഥാനമായ ആ സ്ഥലംതന്നെ.

സെന്തോമസ് മൗണ്ട് മദ്രാസ് നഗരപ്രാന്തത്തിലുള്ള ഒരു ഉപനഗരമാണ്. സമുദ്രനിരപ്പിൽനിന്നും 300അടി ഉയരത്തിലായി ഇതിന്റെ ഉപരിതടം സ്ഥിതിചെയ്യുന്നു. ഈ കുന്നിനാകെ 75 ഏക്കറോളം വിസ്തീർണ്ണംവരും. പോർട്ടുഗീസുകാരുടെ ഭാരതാഗമനകാലം മുതൽ ആധുനികജനാവലികൾ അവിടെ അധിവാസം തുടങ്ങിയതാണ്. മലയടിവാരത്തുള്ള തെരുവുകളും ഭവനങ്ങളും പ്രാചീനതാ ചിഹ്നങ്ങൾ സംവഹിക്കുന്നവതന്നെ. എന്നാൽ മലമുകളിൽനിന്നു ചുററുപാടും നോക്കിയാൽ ആധുനിക നാഗരികതയുടെ വിലാസനൃത്തമേ തൽപരിസരങ്ങളിൽ കണ്ടെത്തുവാനുള്ളൂ. റെയിൽവേ ലൈൻ, ട്രങ്ക് റോഡുകൾ സൈനികകേന്ദ്രം, വ്യോമയാനസങ്കേതം, വ്യവസായസ്ഥാപനങ്ങൾ മുതലായവ ഈ മലമുകളിൽനിന്നുതന്നെ കാണാം. പൂർവ്വപുണ്യസ്ഥാനമായ ഈ ഗിരിശൃംഗത്തേയും, അതിൽ തീർത്ഥകർക്കു സ്ഥലവിവരങ്ങളും ഭക്തസ്മാരകങ്ങളും നൽകുന്ന ആതിഥ്യകുശലകളായ ഫ്രൻസിസ്കൻ സന്യാസിനികളേയും വൈമാനികരുടെ പ്രമാദങ്ങളിൽനിന്നു പരിരക്ഷിക്കുവാൻ രക്തവർണ്ണമായ ഒരു വൈദ്യുതദീപം നിശാവേളകളിൽ അനസ്യൂതം അവിടെ അപകടസൂചികയായി പ്രശോഭിക്കുന്നുണ്ട്. വ്യത്യസ്തവിഭാഗക്കാരായ ക്രൈസ്തവ ജനസമൂഹങ്ങൾ പലക്കം ഗിരിപാദത്തിലും സമീപസ്ഥാനങ്ങളിലുമായി മാർത്തോമ്മാശ്ലീഹായുടെ നാമധേയത്തിൽ പള്ളികളും പ്രാർത്ഥനാലയങ്ങളുമുണ്ട്. ഒട്ടാകെ പതിനാലായിരത്തോളം ജനങ്ങൾ ഈ ഉപനഗരത്തിൽ നിവസിക്കുന്നു. അടിവാരത്തുള്ള സെൻറ് പാട്രിക്ക് പള്ളിയും മലമുകളിലെ "വിശുദ്ധ ശ്ലീഹന്മാരുടെ" പള്ളിയും പരിസരങ്ങളിലുള്ള അഞ്ചു കപ്പേളകളും മൈലാപ്പൂർ രൂപതവകയാണ്. കത്തോലിക്കാ ജനവിഭാഗത്തിന്റെ മുറയ്ക്കുള്ള ഇടവകപ്പള്ളി മലമേൽ പള്ളിയാണെങ്കിലും ജനസൗകര്യം ഉദ്ദേശിച്ചു 1914 മുതൽ ഞായറാഴ്ച ചടങ്ങുകൾ മുതലായവ സെൻറ് പാട്രിക്ക് പള്ളിയിൽ നടത്തുവാൻ തുടങ്ങി. ഇടവക വികാരിയും അ



(ലേഖകൻ)

വിടെത്തന്നെ താമസിക്കുന്നു. മലമുകളിൽ മഠംകാരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ സാധിച്ചുകൊടുക്കുവാൻ ഒരു വൈദികൻ സ്ഥിരതാമസമുണ്ട്. 1950 നവംബർ 8-ാനു- ആ പള്ളിയിലെ അത്ഭുതകുരിശിനു മുൻപിൽ ഈ ലേഖകൻ അവക്കായി ദിവ്യബലി അർപ്പിക്കയുണ്ടായി.

ഈ ഉപനഗരത്തോടനുബന്ധിച്ചുള്ള റെയിൽവേ സ്റ്റേഷനിൽ സ്ഥലനാമം എഴുതിയിരിക്കുന്നത് ഇംഗ്ലീഷിൽ "സെൻറ് തോമ്മസ് മൗണ്ട്" എന്നും, നാഗര തമിഴ് ലിപികളിൽ 'പറങ്കിമല' എന്നുമാണ്. മാർത്തോമ്മാശ്ലീഹായുടെ ആഗമനത്തിനുമുൻപ് 'ഭൃംഗമുനി' എന്നൊരു മഹർഷി ഈ മലഞ്ചെരുവിൽ നിവസിച്ചിരുന്നെന്നും, ക്രൈസ്തവർഷിയായ വിശുദ്ധ ശ്ലീഹായുടെ ഗിരിപ്രവേശത്തോടെ പ്രസ്തുത ഋഷീശ്വരൻ അവിടെനിന്നും സാദരപൂർവ്വം പിൻവാങ്ങിയെ

(ശേഷം 53-ാംപേജിൽ)

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



(51-ാം പേജ് തുടർച്ച)

നും ഒരു പുരാവൃത്തമുണ്ട്. 'ഭ്രംഗ'ശബ്ദത്തിൽനിന്നും ചിലർ 'പറങ്കിമല' എന്ന നാമധേയം നിഷ്പാദിക്കുന്നു. പോർട്ടുഗീസുകാരായ 'പറങ്കി'കളുടെ ഒരു സങ്കേതമായിരുന്നതുകൊണ്ടും അയൽ പ്രദേശങ്ങൾക്ക് ഈപേർ പറയപ്പെട്ടതായിരിക്കാം. രണ്ടു ഋഷികളേയും അനുസ്മരിച്ച് 'ഋഷിമല' എന്നു മുൻകാലങ്ങളിൽ മൗണ്ടിനു പേരുണ്ടായിരുന്നു. വിശുദ്ധ പ്രേഷിതന്റെ പ്രാർത്ഥനാ സങ്കേതമായിരുന്ന ''ചിന്നമല''യിൽ നിന്നും ഇതിനെ വ്യവച്ഛേദിക്കുവാൻ 'വൻമല' എന്നർത്ഥമുള്ള പദങ്ങൾ തമിഴിലും ഇംഗ്ലീഷിലും ഇതിനിപ്പോൾ ഉപയോഗിക്കാറുണ്ട്. എന്നാൽ, അഭ്യസ്തവിദ്യരായ സകലരും 'സെൻറുതോമസ് മൗണ്ട്'' ഹോളിമൗണ്ട്' 'മൗണ്ട്'' ഈ പേരുകളിലേ ഈ പുണ്യസ്ഥാനത്തെപ്പററി ഇപ്പോൾ വ്യവഹരിക്കാറുള്ളൂ. ദൈവജനനിയുടെ പ്രസിദ്ധമായ ഒരു തിരുനാൾ അവിടെ ആഘോഷിക്കുക കാരണം 'നമ്മുടെ നാഥയുടെ മല' എന്നും ഇതിനു പേരുണ്ടായിരുന്നു.


എ.ഡി. 68-ലോ, 72-ലോ, ആണല്ലോ പെരിയമലയിൽവച്ചു പരിശുദ്ധ ശ്ലീഹായുടെ രക്തസാക്ഷിത്വം നടന്നത്. ഏറെത്താമസിയാതെതന്നെ അവിടം ഭക്തജനങ്ങളുടെ ഒരു തീർത്ഥകേന്ദ്രമായിത്തീരുവാൻ തുടങ്ങി. മൗണ്ടിന്റെ പുണ്യമാഹാത്മ്യം മൂലം മൈലാപ്പൂരിൽനിന്നും പേർഷ്യൻ ക്രിസ്ത്യാനികളുടെ കുടുംബങ്ങൾ ആദിമശതാബ്ദങ്ങളിൽതന്നെ അവിടെ കുടിപാർപ്പു തുടങ്ങിയിരുന്നു. പില്ക്കാലങ്ങളിൽ ഒട്ടേറെ അർമേന്യരും, സിറിയരും, ''നെസ്തോറിയ''രും അവിടേക്കു താമസം മാറുകയുണ്ടായി. 13-ാം നൂററാണ്ടിൽ മാർക്കോ പോളോയും 14-ാം നൂററാണ്ടിൽ ഓഡെറിക്ബാർഡോണും മൈലാപ്പൂർ സന്ദർശിച്ചപ്പോൾ പെരിയമലയിൽ പല ക്രൈസ്തവവിഭാഗങ്ങളും നിവസിച്ചിരുന്നു; അവർക്കെല്ലാം പള്ളികളുമുണ്ടായിരുന്നു. 16-ാം നൂററാണ്ടുവരെ പല ദേവാലയങ്ങളും അവിടെ ആവിർഭവിക്കുകയും അന്തർധാനം ചെയ്കയും ഉണ്ടായിട്ടുണ്ട്. 1441-നും 1500-നുമിടയ്ക്കു മഹമ്മദീയരും ക്രിസ്ത്യാനികളും തമ്മിൽ ഗിരിപരിസരങ്ങളിൽവച്ചു പ്രചണ്ഡമായ ഒരു സമരം നടക്കുകയും, ക്രൈസ്തവപക്ഷത്തിന്റെ അന്തിമ സങ്കേതസ്ഥാനമായിരുന്ന മലമുകളിൽനിന്നും അവർ പലായനം ചെയ്യേണ്ടിവരികയുമുണ്ടായി. ഇതോടെ പെരിയമലയിലെ പൂർവ്വക്രൈസ്തവജനതതി നാമാവശേഷരായിത്തീർന്നു; അവരുടെ നിവാസസ്ഥാനം ബാഹ്യലോകശ്രദ്ധയിൽനിന്നും തിരോഭവിക്കുകയും ചെയ്തു.

16-ാം നൂററാണ്ടിൽ പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടിയാണ് സെൻറുതോമസ് മൗണ്ടിന് അതിന്റെ പ്രകാശമാനമായ നവ്യചരിത്രഘട്ടം ഉദയം ചെയ്യുന്നത്. ഭാരതശ്ലീഹായുടെ സ്മാരകലക്ഷ്യങ്ങൾക്കായി വൈദേശിക ഗവേഷകരെ മൈലാപ്പൂരിലേക്കും അയൽപ്രദേശങ്ങളിലേക്കും മാർഗ്ഗനിർദ്ദേശം ചെയ്തവർ മലയാളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികൾ തന്നെയായിരുന്നു. 1499 മുതൽ ഭാരതതീരങ്ങളിൽ പറങ്കികൾ ഉപനിവേശകേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ തുടങ്ങിയെങ്കിലും അവർ മൈലാപ്പൂരിൽ സ്ഥലം കൈവശപ്പെടുത്തിയതു് 1521-ാം വർഷം മുതൽക്കാണ്. തുടർന്ന്, സമീപസ്ഥങ്ങളായ 'ചിന്നമല' യിലേക്കും 'പെരിയമല'യിലേക്കും അവരുടെ ശ്രദ്ധ തിരിയുവാൻ തുടങ്ങി. ഭാരതപ്രേഷിതന്റെ ചരമഭൂമിയായി ലക്ഷീകൃതമായ ഗിരിപ്രദേശത്തിന് അന്നവർ പറഞ്ഞുതുടങ്ങിയ നാമധേയം ''Monte Grande'' (വന്മല) എന്നാണ്; മററു വൈദേശിക ജനതകളുടേയും ആഗമനത്തോടെ മാത്രമേ ''സെൻറു തോമസ് മൗണ്ട്'' എന്ന ആധുനിക നാമധേയം അതിനു ലബ്ധമായുള്ളു.

മാർത്തോമ്മാഗിരിയിൽ പല തവണയും പ്രാർത്ഥനാലയങ്ങൾ പുതുക്കിപ്പണിയപ്പെട്ടുകൊണ്ടിരുന്നല്ലോ. ഇവയെല്ലാററിലുംവച്ച് ചരിത്രജ്ഞാനദൃഷ്ട്യാ അത്യന്തപുരാതനത്വം അർഹിക്കുന്നതു് 1523-ൽ ദ്യാഗോ ഫെർണാണ്ടസ് എന്നൊരു പോർട്ടുഗീസ് ഉപനിവേശകനാൽ ദൈവമാതാവിന്റെ നാമത്തിൽ നിർമ്മിതമായ പ്രാർത്ഥനാലയമാണ്. മറെറാരു പ്രാർത്ഥനാലയത്തിന്റെ നഷ്ടശിഷ്ടങ്ങളിന്മേലായിരുന്നു ഇതിന്റെ നിർമ്മാണം നടന്നതു്. 1545 ആയപ്പോഴേക്കും പെരിയമല മുഴവൻ പറങ്കികളുടെ ആധിപത്യത്തിൽ അമർന്നു. അക്കൊല്ലമാണ് ശൗര്യാർപുണ്യവാൻ തിരുശേഷിപ്പുകൾക്കു മുമ്പിൽ പ്രാർത്ഥിക്കുന്നതിനായി മൂന്നുനാലുമാസം മൈലാപ്പൂരിൽ താമസിക്കയുണ്ടായതു്. ദ്യാഗോ പണിയിച്ച കപ്പേള വളരെ ചെറുതായിരുന്നതിനാൽ 1547-ൽ അതേ സ്ഥാനത്തുതന്നെ കുറച്ചുകൂടി വിസ്തൃതമായ ഒരു ദേവാലയം പോർട്ടുഗീസ് വൈദികാധികാരികൾ പണിയിക്കുവാൻ തുടങ്ങി. ഇതിനുവേണ്ടി വാനം മാന്തുകയും മണ്ണുമാററുകയും ചെയ്യുമ്പോഴാണ് മൗണ്ടിലെ പ്രഖ്യാതമായ മാർത്തോമ്മാക്കുരിശു ഭൂഗർഭത്തിൽനിന്നും കണ്ടെടുത്തതു്. 1702-ൽ ഈ ദേവാലയം ഇന്നത്തെ രീതിയിൽ വീണ്ടും വിപുലീകരിക്കപ്പെട്ടു. എന്നാൽ, ഇന്നും അതു് അത്ര വലുതൊന്നുമല്ലതാനും. മാർത്തോമ്മാശ്ലീഹായോടനുബന്ധിച്ചുള്ള പുണ്യസ്ഥലങ്ങൾക്കുവേണ്ടി മുക്തഹസ്തം ധനസഹായം ചെയ്തിട്ടുള്ള പീററർ യുസ്സൻ എന്ന ഭക്തമതിയും ധനാഢ്യനുമായ ഒരു അർമേനിയൻ കത്തോലിക്കൻ 1726-ൽ മലമുകളിലേക്കുള്ള ഇഷ്ടികയുറപ്പിച്ച വഴിയും നടകളും മതിലുകളും പണിചെയ്യിപ്പിച്ചു. ചിന്നമലയ്ക്കടുത്തുള്ള മഹത്തായ 'മാർമലോംഗ്'' പാലവും ഈ വണിഗ്വരന്റെ ഔദാര്യത്തിന്റെ ഫലമാണ്. ശ്ലീഹന്മാരുടെയെല്ലാം അത്യാകർഷകങ്ങളായ എണ്ണച്ചായാചിത്രങ്ങൾ പോർട്ടുഗീസ് ചിത്രകലയുടെ വിജയവൈജയന്തികളായി മൗണ്ട് ദേവാലയഭിത്തികളിൽ ഇരുപാർശ്വങ്ങളിലും സ്ഥാപിതങ്ങളായിട്ടുണ്ട്. 'വിശുദ്ധ ശ്ലീഹന്മാരുടെ പള്ളി' എന്ന നാമധേയം ഇങ്ങനെ ഇതിന് അന്വർത്ഥമായിരിക്കുന്നു.

മലമേൽപള്ളിയിലെ പ്രധാന തിരുനാൾ ഡിസംബർ 18-ാം തീയതിയിലെ മാതാവിന്റെ 'പ്രസവപ്രതീക്ഷാ' തിരുനാൾ ആണ്. മൗണ്ടിലെ കത്തോലിക്കർക്കെന്നല്ല, വിദൂരദേശങ്ങളിൽനിന്നും നാനാജാതിമതസ്ഥരായി അവിടെ വന്നുചേരുന്ന തീർത്ഥജനതയ്ക്കെല്ലാം ഏതാനും ദിവസത്തേക്കു ദീർഘിക്കുന്ന ഒരു സാമൂഹിക മഹോത്സവമാണതു്. ഇടവകക്കാരായ കത്തോലിക്കാ ബാലികാബാലന്മാർ ഒന്നടങ്കം ആഘോഷമായി പ്രഥമ ദിവ്യകാരുണ്യ സ്വീകരണം നടത്തുന്നതും അന്നുതന്നെയാണ്. 1947ൽ മലമേൽപള്ളിയുടെ ചതുർത്ഥശതാബ്ദജൂബിലി ആഘോഷിക്കപ്പെട്ടു

നൂററാണ്ടുകളായി തീർത്ഥകസംഘങ്ങളെ മലമുകളിലേക്കാകർഷിച്ചുകൊണ്ടിരിക്കുന്ന അവിടത്തെ അപൂർവ്വ പൂജ്യവസ്തുക്കളായ 'അത്ഭുത സ്ലീവാ'യേയും, 'ദൈവമാതൃ ചിത്ര'ത്തേയും പററി രണ്ടു വാക്കുകൂടി കുറിച്ചുകൊണ്ട് മാർത്തോമ്മാ ഗിരിയെപ്പററിയുള്ള ഈ പ്രതിപാദനം ഉപസംഹരിച്ചുകൊള്ളാം. ''മാർത്തോമ്മാശ്ലീഹായുടെ മൈലാപ്പൂരിലെ പ്രത്യക്ഷം'' എന്നൊരു തിരുനാൾ ഡിസംബർ പതിനെട്ടാം തീയതിയിലേതായി സീറോ മലബാർ റീത്തുകാരായ നാം ആഘോഷിക്കാറുണ്ടല്ലോ. ഇവിടെ 'പ്രത്യക്ഷം' എന്ന വാക്കിന്റെ അർത്ഥം 'കാണപ്പെടൽ; എന്നല്ല ''അത്ഭുതസംഭവം'' എന്നാണ്. ഏതായിരുന്നു ഈ അത്ഭുതസംഭവം? 1547-ൽ മലമുകളിൽ പള്ളി പണിയുവാൻ മണ്ണുമാന്തിയപ്പോൾ മാർത്തോ




മൈലപ്പൂരിലെ വി. തോമ്മാശ്ലീഹായുടെ കബറിടം.



www.TheCMSIndia.org

# വി. തോമസ്, ഹിന്ദുമതോദ്ധാരകൻ


**ഇസ്രായേൽക്കാരുടെ വിശുദ്ധ ദൈവമായ യഹോവായെക്കുറിച്ച് ദീർഘദർശികൾ നൽകിയ പ്രവചനങ്ങളാണ് എബ്രായമതത്തിന്റെ ധാർമ്മികവും ആദ്ധ്യാത്മികവുമായ മൂലം. ഋഗ്വേദത്തിലും വരുണനെ ഉദ്ദേശിച്ചുള്ള സൂക്തങ്ങൾ തത്തുല്യമായി സ്ഥിതിചെയ്യുന്നു.**

**[വിദ്വാൻ, എടമരത്തു സെബാസ്റ്റ്യൻ]**

ഇന്ത്യായും പലസ്തീനായും അതിപുരാതനകാലം തുടങ്ങി വിഭവവിജ്ഞാനാർജ്ജനാദികാര്യങ്ങളാൽ പരസ്പരം ദൃഢസമ്പർക്കത്തിൽഏർപ്പെട്ടിരുന്നരാജ്യങ്ങളാണ്. ഋഗ്വേദം ഇൻഡ്യൻ ജനതയുടെയും ബൈബിളിന്റെ പൂർവ്വാർദ്ധം പാലസ്റ്റൈൻ നിവാസികളായ എബ്രായക്കാരുടെയും ആദ്ധ്യാത്മികസംസ്കാരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള മൌലികഗ്രന്ഥങ്ങളത്രെ. എങ്കിലും മോസസ് ബൈബിളിലെ ആദ്യപുസ്തകങ്ങൾ ലേഖനം ചെയ്തകാലത്ത് പഞ്ചനദത്തിൽ വേദസൂക്തങ്ങളുടെകണികപോലും ഉണ്ടായില്ല. എന്നല്ല, ബൈബിൾ അനുക്രമമായി വളർച്ചയും പുഷ്ടിയും പ്രാപിച്ചിട്ട് അനേകനൂററാണ്ടുകൾ കഴിഞ്ഞു. (1) ഭാരതീയ വേദസംഹിതയാകട്ടെ അദ്യാപി തത്തുല്യമായ അവസ്ഥയിൽ എത്തിയിട്ടില്ല. ഋഗ്വേദത്തിന്റെ പരിപോഷണകാലം ബി. സി. 15 മുതൽ 5–വരെയുള്ള ശതാബ്ദങ്ങളായിരുന്നു (2). അതിനും എബ്രായമതത്തിനും തമ്മിൽ പ്രസ്തുത കാരണങ്ങളാൽ ഗാഢമായ സാധർമ്മ്യങ്ങൾ സംഭവിക്കാൻ എടയായിട്ടുണ്ട്. അവ താരതമ്യം ചെയ്യുന്നതു ഗവേഷണതല്പരന്മാർക്ക് രസാവഹമായ പാഠമായിരിക്കും. കൂടാതെ ഭാരതത്തിൽ നടന്ന സെൻറ് തോമ്മസിന്റെ പ്രേഷിതവൃത്തി ഒരു പുതിയ വെളിച്ചത്തിൽകൂടി വീക്ഷിക്കുന്നതിനും ഈ ശ്രമം വഴിനൽകുന്നതാണ്.

ഇൻഡൊ ഇറാനിയൻ ജനതയുടെ ചരിത്രാതീതമായ കാലത്തുതന്നെ ഋഗ്വേദത്തിലെ ബഹുദേവപരമായ പ്രകൃതിഭജനം ആരംഭിച്ചുകഴിഞ്ഞു. അതുപോലെ സെമററിക് വർഗ്ഗത്തിന്റെ ചരിത്രഗമ്യമല്ലാത്ത ദശയിൽ അവരിലും പലക്കൂട്ടർ നാനാദേവപരമായ വിശ്വാസാചാരങ്ങളാൽ സമാകൃഷ്ടരായി എന്നുള്ളതിനു തർക്കമില്ല. (3) സാക്ഷാൽ ധാർമ്മികവും ആദ്ധ്യാത്മികവുമായ ദൈവവിശ്വാസം ലഭിക്കയെന്നുള്ളതും ലഭിച്ചാൽത്തന്നെ അതു യഥാശ്രുതം പാലിക്കയെന്നുള്ളതും സാമാന്യന്മാർക്ക് സുകരമായ കാര്യമല്ല. സോരാഷ്ട്രന്മാരുടെ ഗാഥകൾ, ദീർഘദർശികളുടെ പ്രവചനങ്ങൾ, അപ്പോസ്തോലന്മാരുടെ സുവിശേഷലേഖനങ്ങൾ, മൊഹമ്മദിന്റെ കൊറാൻ എന്നിവ വായിച്ചാൽ ഏതൽസംബന്ധമായി പല അഭിപ്രായാന്തരങ്ങളും നമുക്ക് കാണാൻ കഴിയും. എന്നാൽ ധാർമ്മികമായ ഏകദൈവത്തെക്കുറിച്ചുള്ള അദ്ധ്യാപനം മനുഷ്യവർഗ്ഗത്തിന്റെ ആദിപാഠമെന്നപോലെ ലോകത്തിൽ എന്നും ഉള്ളതുതന്നെയാണ്. അസംഖ്യം ലോകഗുരുക്കന്മാരും ദീർഘദർശികളും അതു നിലനിർത്താൻവേണ്ടി അന്നന്ന് അനവധി ക്ലേശങ്ങൾ സഹിക്കയും ജീവത്യാഗംകൂടി ചെയ്കയും ഉണ്ടായിട്ടുണ്ട്. പക്ഷേ മനുഷ്യന്റെ വാസന ചരിക്കുന്നതു് വിരുദ്ധപഥത്തിലേക്കാകുന്നു. മാത്രമല്ല, നാമമാത്രമായ ഏകദൈവവിശ്വാസം ബഹുദേവാദരത്തിനു് അനേകത്ര പ്രേരകമായിത്തീർന്നിട്ടുമുണ്ട്. ലക്ഷോപലക്ഷം ദേവന്മാരെ ഉള്ളടക്കം ചെയ്തിരുന്ന പഴയ അവസ്റ്റക്ക് യൻഗർ (Younger) ഉണ്ടാക്കിയ നവീന പരിഷ്കാരങ്ങൾക്കുശേഷവും സൌരാഷ്ട്ര മതത്തിൽനിന്നു് ബഹുദേവാരാധന വേർപെട്ടതായി നാം കാണുന്നില്ല. ലോകഗതി ഇപ്രകാരമാണെങ്കിലും ബി. സി. 586–ൽ നടന്ന ബാബേൽബഹിഷ്കാരം നിമിത്തം നേരിട്ട കഷ്ടതകൾ ഇസ്രായേൽക്കാരെ ബഹുദേവവിശ്വാസത്തിൽനിന്നും വിഗ്രഹാരാധനയിൽനിന്നും വിമോചിച്ചു രക്ഷിച്ചു. കാലാന്തരത്തിൽ സ്വരാജ്യത്ത് മടങ്ങിയെത്തിയ അവർ മാത്രമേ വിശുദ്ധ ദൈവത്തെക്കുറിച്ചുള്ള പൂർവ്വാചാര്യന്മാരുടെ അദ്ധ്യാപനം അനുസൃതമായിപ്പാലിച്ചുള്ളു.

ഇസ്രായേൽക്കാരുടെ വിശുദ്ധ ദൈവമായ യഹോവായെക്കുറിച്ച് ദീർഘദർശികൾ നൽകിയ പ്രവാചകങ്ങളാണ് എബ്രായമതത്തിന്റെ ധാർമ്മികവും ആദ്ധ്യാത്മികവുമായ മൂലം. ഋഗ്വേദത്തിലും വരുണനെ ഉദ്ദേശിച്ചുള്ള സൂക്തങ്ങൾ തത്തുല്യമായി സ്ഥിതിചെയ്യുന്നു. എന്നാൽ ജീവിതത്തിന്റെ പാരലൌകികപാർശ്വങ്ങളിൽ ഈശ്വരനോടുള്ള ബന്ധം, സ്വഭക്തരോടു അദ്ദേഹത്തിനുള്ള കരുണ, അമേയമായ തപശ്ചരക്തി, അത്ഭുതപ്രവർത്തകത്വം, സനാതനത്വം ഇത്യാദി സത്യമതാംശങ്ങളായ ഉപദേശങ്ങളുടെ കണികകൾ ബഹുദേവാർച്ചനാകൊണ്ട് വഴിപിഴച്ചുണ്ടായ ഇതരമതങ്ങളിലും ഏറെക്കുറെ സംക്രമിച്ചു കാണാതിരിക്കയില്ല. ഋഗ്വേദത്തിലും നാനാദേവന്മാരെ ഉദ്ദേശിച്ചുള്ള അനേകം മന്ത്രങ്ങളിൽ മേല്പറഞ്ഞ ഉപദേശകണങ്ങൾ ധാരാളം വ്യാപിച്ചിട്ടുണ്ട്. തന്മൂലം താദൃശമതങ്ങളിലെ ഏതു കൃത്രിമദൈവതവും സാക്ഷാത്തായ ഈശ്വരവിശ്വാസത്തിന്റെ മൂലപീഠത്തിന്മേലാണ് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതെന്നുള്ളതിനു സംശയമില്ല. എന്നാൽ യഥാർത്ഥവും ധാർമ്മികവുമായ വിശ്വാസത്തിനു പരമാധാരമായ ഈശ്വരൻ മാത്രമേ ശാശ്വതവും പരിപൂർണ്ണവുമായ ഈ



ലേഖകൻ.

ശ്വരത്വത്തെ ലക്ഷീകരിക്കുന്ന പൌരുഷം (Personality) അർഹിക്കുന്നുള്ളു.

ഋഗ്വേദത്തിൽ അവ്യവസ്ഥിതങ്ങളായ പല ദൈവങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. അവയെല്ലാം പൂർണ്ണമായ പൌരുഷം ഇല്ലാത്തവയും ഓരോന്നും മുൻപുള്ള മറേറാരോന്നിന്റെ ആകൃതിയും പ്രകൃതിയും അവലം

ക്കും. അധികാരികൾക്ക് അനുകൂലമായ നിയമം വിധേയർക്ക് പ്രതികൂലമായിരിക്കും. സ്വതന്ത്രർക്ക് ഉപകാരപ്രദമായ മുറകൾ അടിമകൾക്ക് ഉപദ്രവകരമായിരിക്കും. ഒരു രാജ്യത്തിനു് ഗുണകരമായ ഭരണം മററു രാജ്യങ്ങൾക്ക് ദോഷകരമായിരിക്കും. ഇപ്രകാരമുള്ള മുറകളേയും നിയമങ്ങളേയും ഭരണങ്ങളേയും ഗുരു അനുവദിക്കുകയോ അംഗീകരിക്കുകയോ ചെയ്യുകയില്ല. നാനാപ്രകാരത്തിലുള്ള അടിമത്വവും ദാരിദ്ര്യവും അധമമായ മനുഷ്യസ്വഭാവത്തിന്റെ നീചസൃഷ്ടിയാണ്. മനുഷ്യർ ശിശുക്കളെപ്പോലെയല്ല, അടിമകളെപ്പോലെയുമല്ല, പ്രത്യുത സ്വതന്ത്രരായ ദൈവമക്കളെപ്പോലെ സൽഗുണരായി, പരിപുഷ്ടരായി ജീവിക്കണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നതു്.

---

(1)a. Biblical Lectures by Jigot.
b. Beginnings of History by Lenorment.
c. Hist. of Babylonia & Assyria. Vol. 1. by Rogers
(2) Macdonellis Hist. of Rigveda P. 7.
(3)a. The Fundamental religious institutions of Cemetics. by R. Smith.
b. Genesis xxxı-19-xxxv. 2.
c. Joshua. xxıv. 2.

www.TheCMSIndia.org

ബിച്ചു് വളർച്ച പ്രാപിച്ചവയും നശ്വരങ്ങളും ആയിക്കാണപ്പെടുന്നു. ഈ നശ്വരത്വം തന്നെ പരിപൂർണ്ണമായിരുന്നെങ്കിൽ എല്ലാ ദേവന്മാരും ഏകദേവനിൽ അലിഞ്ഞുചേരുമായിരുന്നു. പക്ഷേ അനുഭവം മറിച്ചാണു്. ഒരു ദേവൻ അധഃപതിക്കുകയോ തിരോഭവിക്കുകയോ ചെയ്യുമ്പോൾ തൽസ്ഥാനത്തു് മറ്റൊരു പുതിയ ദേവൻ ആവിർഭവിക്കും. എങ്കിലും വരുണൻ, ഇന്ദ്രൻ എന്നിവർ വേദത്തിൽ (ഇതിഹാസാദിഗ്രന്ഥങ്ങളിൽ വിപരീതം) താരതമ്യേന ഇതരദേവന്മാരെക്കാൾ പൗരുഷം തികഞ്ഞവരത്രെ. എന്നാൽ അതും വേണ്ടുന്നത്ര പൂർണ്ണമല്ല. എന്തുകൊണ്ടെന്നാൽ ഇസ്രായൽക്കാരുടെ ഏകദൈവവിശ്വാസാതിർത്തിയിൽക്കാണുംവിധം അസംന്നിഗ്ദ്ധവും ശാശ്വതവുമായ പൌരുഷമല്ല വരുണനുള്ളതു്. അയാൾ അനേകത്ര മററു ദേവന്മാർക്കു് എതിരാളിയായി നിൽക്കുന്നു-

സാക്ഷാത്തായ ഏകദൈവവിശ്വാസത്തിന്റേതിനേക്കാൾ ധർമ്മബോധത്തിന്റെ പ്രാമാണ്യമാണു് ഈശ്വരപൌരുഷത്തിനു് മേന്മവരുത്തുന്നതു്. ഋഗ്വേദത്തിലെ എല്ലാ ദേവന്മാർക്കുമുള്ള ധാർമ്മികഗുണങ്ങൾ വരുണനിൽമാത്രമേ ഒന്നാകെ പ്രകാശിക്കുന്നുള്ളൂ. ഹൈന്ദവസംസ്കാരങ്ങളെ ഹൃദയപൂർവ്വം അഭിനന്ദിച്ചിട്ടുള്ള ഡൻസൻ (Denssen) തന്നെയും ഇതു സമ്മതിച്ചിരിക്കുന്നു.

വരുണനും വേദത്തിലെ മററു ദേവന്മാരും തമ്മിലുള്ള പ്രസ്തുത വ്യത്യാസം വളരെ സ്പഷ്ടമാണു്. ഇതിൽനിന്നു് വൈദികകാലത്തു് സത്യവും ധാർമ്മികവുമായ ഏകദൈവവിശ്വാസത്തെ സമാദരിക്കുന്ന ഒരു മന്ത്രദ്രഷ്ടാവെങ്കിലും സിന്ധുനദീതീരം അലങ്കരിച്ചിരുന്നുവെന്നു് ന്യായമായി അനുമിക്കാം. സെമററിക്ക് വർഗ്ഗത്തിൽ പുറജാതിക്കാരുടെ ദേവന്മാരായിരുന്ന "ബാലിം" മുതലായവററോടു് പ്രാചീനപ്രവാചകന്മാർ തുടർച്ചയായി നടത്തിയ എതിർപ്പുകളുടെ ഫലമായിട്ടാണു് ഇസ്രായേൽക്കാരുടെയിടയിലും താദൃശമായ ഏകദൈവവിശ്വാസം നിലനിന്നിട്ടുള്ളതു്. സോരാഷ്ട്രൻ, മഹമ്മദ് എന്നിവരും സ്വസഹദേവന്മാരായ അഹുരമസ്ദയേയും അള്ളാഹുവിനേയും അതതു മതങ്ങളിൽ സർവ്വോപരി മൂർത്തികളാക്കി പ്രതിഷ്ഠിച്ചതു മേൽപ്രകാരമാകുന്നു. എന്നാൽ ഏതാദൃശമായ ധർമ്മചിന്ത ഋഗ്വേദകാലത്തു് ഇവിടെ ഉണ്ടായില്ല. പ്രത്യുത, അതു വരുണസൂക്തങ്ങളിൽ പ്രചുരമായിക്കാണേണ്ടിയിരുന്നു. വേദം ഏതാണ്ടു് സർവ്വാധികാരങ്ങളും വരുണനിൽ നിക്ഷേപിച്ചിട്ടുണ്ടെന്നുള്ളതിനു പക്ഷാന്തരമില്ല. എന്നാൽ ഇതരദേവന്മാർക്കും ചില അധികാരങ്ങളെല്ലാം വിട്ടുകൊടുത്തിട്ടുണ്ടു.. തന്നിമിത്തം വരുണൻ വേദത്തിൽ സിംഹാസനാരൂഢനും മററു ദേവന്മാർ ഇറാനിലെപ്പോലെ അധോദൈവതങ്ങളുമായി തീർന്നുവെന്നുള്ള വ്യത്യാസം മാത്രമേയുള്ളൂ.

ഹിന്തുമതത്തിന്റെ നവീനാഭിവൃദ്ധിക്കു് വേണ്ട തത്വചിന്ത, സമുദായചർച്ച, കലാബോധം മുതലായവയുടെയെല്ലാം മൂലം ഋഗ്വേദത്തിലുണ്ടെന്നുള്ളതു തീർച്ചതന്നെ. ആകയാൽ ശേഷിക്കുന്ന ഏക പ്രശ്നം ഏതെങ്കിലും ആദർശത്തിന്റെ പോരായ്മ അതിലുണ്ടായിരുന്നോ എന്നുള്ളതാണു്. ഇതിനുത്തരം കണ്ടെത്താൻ വരുണനെത്തന്നെ സമാശ്രയിക്കേണ്ടിയിരിക്കുന്നു. വാരുണസൂക്തങ്ങളിൽ യഥാർത്ഥധർമ്മചിന്തകൾ അതായതു് അദ്ദേഹത്തിന്റെ നീതിയുക്തമായ വിധിയേയും തദഭീഷ്ടലംഘനം പാപമാകുമെന്നുള്ളതിനെയും സംബന്ധിച്ച വിശ്വാസം സദാചാരമെന്നതു് കർമ്മത്തിന്റെ ഏററം ആഭ്യന്തരമായ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന ബോധം, മനുഷ്യവൃത്തികളുടെ നിത്യസാക്ഷിയാണു് ആ ദേവൻ എന്നുള്ള സമ്മതി, രോഗദുഃഖാദ്യനുഭവങ്ങൾ പാപഫലങ്ങളാണെന്ന ചിന്ത, പാപംമൂലം വരുണകാരുണ്യം നഷ്ടപ്പെടുമെന്ന ധാരണ, തദഭ്യർത്ഥനവും പാപകീർത്തനവും കന്മഷാവഹങ്ങളാണെന്ന വിചാരം, പാപംചെയ്യുവൻ കരുണയ്ക്കു വേണ്ടി വരുണനെ ദാസവൽ സേവിക്കണമെന്ന ബോദ്ധ്യം ഇവയെല്ലാം സമൃദ്ധമായി പ്രകാശിക്കുന്നുണ്ടു് (4). ഇസ്രായേൽക്കാരുടെയും ക്രിസ്ത്യാനികളുടെയും നിരന്തര വിശ്വാസങ്ങൾക്കും പരിചയങ്ങൾക്കും സദൃശമായി ഋഗ്വേദത്തിൽക്കാണുന്ന ഈ പശ്ചാത്താപസംവിധാനങ്ങൾ ആരേയും ഹഠാദാകർഷിക്കുന്നവയത്രെ. പ്രഫസ്സർ ഓൾഡൺബർഗ്ഗ് വിവിധകാരണങ്ങളാൽ വരുണൻ ഇസ്രായൽക്കാരിൽനിന്നും കടംവാങ്ങപ്പെട്ട ദേവനാണെന്നു സമർത്ഥിച്ചിരിക്കുന്നു (5). ബൈബിളിന്റെ പൂർവ്വാർദ്ധത്തിൽക്കാണുംപ്രകാരമുള്ള പാപമോചനപ്രാർത്ഥനയില്ലാത്തവരുണമന്ത്രം ഒന്നുപോലും ഋഗ്വേദത്തിൽ ഇല്ലെന്നു മാക്ഡോനൽ പറയുന്നു (6). വേദത്തിൽ പ്രകടമായ വരുണന്റെ ധാർമ്മികപ്രതാപം ഇസ്രായേൽക്കാരുടെ ഗ്രന്ഥത്തിൽനിന്നു് അനുകരിച്ചതാണെന്നു് ബ്ളൂംഫീൽഡ് നിർവ്വചിക്കുന്നു (7).

നിർദ്ദിഷ്ടപ്രസ്താവങ്ങളുടെ യാഥാർത്ഥ്യം പരിപൂർണ്ണമായി അറിയണമെങ്കിൽ വരുണസൂക്തങ്ങൾ ബൈബിളിന്റെ വിഭാഗങ്ങളായ സങ്കീർത്തനം (xxxii–51) സുവിശേഷത്തിലെ പാപിനിയുടെ അനുഭവം, ധൂർത്തപുത്രൻ, ഫരിശേയൻ, പബ്ളിക്കൻ ഇവരെക്കുറിച്ചുള്ള ഉപമകൾ ഇതെല്ലാം (8) പരസ്പരം തോലനം ചെയ്യേണ്ടതു് ആവശ്യമാണു്. ഈ തോലനത്താൽ ഋഗ്വേദത്തിൽ വരുണൻ പരമദയാലുവും ശാന്തനും അനുഗ്രഹകാരിയുമായി(9)

J.W. അക്കരപ്പററ് & കമ്പനി
പെട്ടിമരുന്നു് പച്ചമരുന്നു്
മൊത്തകച്ചവടം, തൃശ്ശൂർ.

4. Bloomfield in Rig; V:P. 232.
5, The Rigveda P. 195.
6. The Vedic Mythology. P. 27
7. The Rigveda P. 232.
8. Luke VII-36-50, XV- 11. 35; XVIII. 9—14.
9. Exodus XXXIV-6.

JOSE BROTHERS, MULLAKKAL, ALLEPPEY

Manufacturers
of
Rubber Stamps,
Metal Blocks,
Stamp Inks,
Account Books,
"BABU"
CANDLES
etc. etc.,




റബ്ബർ മുദ്രകളും
മുദ്ര ഇങ്കുകളും
കണക്കുബുക്കുകളും
"ബാബുമാർക്കു്,"
മെഴുകുതിരികളും
മുതലായവസ്തു
ക്കളോടു്
ആവശ്യപ്പെടുക.

എല്ലാവിധ ഫൌണ്ടൻപേനകളും വിൽപനയ്ക്കു തയ്യാർ.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS